GOVERNMENT OF KERALA

നം.6274/ആർ.എ1/13/തസ്വഭവ.

തദ്ദേശസ്വയംഭരണ (ആർ.എ)വകുപ്പ്.
തിരുവനന്തപുരം, തീയതി, 14-08-13

## സർക്കുലർ

വിഷയം :- തദ്ദേശസ്വയം ഭരണ വകുപ്പ് - കെട്ടിടനിർമ്മാണാനുമതി - കാലതാമസം ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന :- ചീഫ് ടൗൺ പ്ലാനറുടെ 01/01/2013-ലെ ഇ2/7730/12/കെ.ഡിസ് നം.കത്ത്.

കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരം കെട്ടിടനിർമ്മാണാനുമതിക്കുള്ള അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ അനുമതി നൽകുന്നതിന് വ്യവസ്ഥകളുണ്ട്.എന്നാൽ കെട്ടിടനിർമ്മാണാനുമതി ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകളിൽ അനുമതി നൽകുന്നതിന് വളരെയേറെ കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭിക്കുന്ന അപേക്ഷകൾ വിശദമായി പരിശോധിക്കാതെ ചട്ടലംഘനം ഉള്ളതും, ആവശ്യമായ രേഖകൾ ഇല്ലാത്ത തുമായ അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കൺകറൻസിനായി ടൗൺ പ്ലാനിംഗ് ഓഫീസുകളിലേക്ക് അയയ്ക്കുന്നതും ആയത് പല പ്രാവശ്യം തിരുത്തലുകൾക്കും ന്യൂനത പരിഹരിക്കുന്നതിനുമായി തിരികെ നൽകേണ്ടി വരുന്നതു മൂലം കൺകറൻസ് നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെന്ന് ചീഫ്ടൗൺ പ്ലാനർ സൂചനയിലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ കെട്ടിടനിർമ്മാണ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

കെട്ടിട നിർമ്മാണ അനുമതികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ വിശദമായി പരിശോധിച്ച്, നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി

തിരുത്തലുകൾ/മാറ്റങ്ങൾ ആവശ്യമുള്ള പക്ഷം അവ വരുത്തി ന്യൂനതകൾ ഇല്ലാത്ത അപേക്ഷകൾ മാത്രം കൺകറൻസിനായി ടൗൺ പ്ലാനർ/ ചീഫ് ടൗൺ പ്ലാനർക്ക് സമർപ്പിക്കേണ്ടതാണ്.

ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി കൺകറൻസ് നൽകുന്നതിന് ആവശ്യമായ നടപടി ടൗൺ പ്ലാനർ/ ചീഫ് ടൗൺ പ്ലാനർ സ്വീകരിക്കേണ്ടതാണ്.

രാജൻ ഖോബ്രാഗഡെ
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

സീനിയർ ടൗൺ പ്ലാനർ(വിജിലൻസ്), തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാക്കും

റീജിയണൽ ജോയിന്റ് ഡയറക്ടർ,കൊല്ലം,കൊച്ചി,കോഴിക്കോട്

എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ.

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് ഡയറക്ടർ,(പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുവാൻ).

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ (ആർ.ബി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ